**പതിമൂന്നാം കേരള നിയമസഭ - ഒന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2665 19/07/2011-ൽ മറുപടിയ്ക്ക്

**മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സഹായിക്കാൻ പാക്കേജുകൾ**

ചോദ്യം

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

മറുപടി

ശ്രീ. ഉമ്മൻചാണ്ടി
(ബഹു. മുഖ്യമന്ത്രി)

| | |
|---|---|
| (എ) ട്രോളിംഗ് നിരോധനത്തെത്തുടർന്ന് പട്ടിണിയിലായ മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സഹായിക്കാൻ എന്തെങ്കിലും പാക്കേജുകൾ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ; | സംസ്ഥാനത്ത് ട്രോളിംഗ് നിരോധനത്തെ ത്തുടർന്ന് പട്ടിണിയിലായ മത്സ്യത്തൊഴിലാളികൾക്ക് ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിൽ ഫിഷറീസ് വകുപ്പിന്റെ പഞ്ചമാസപദ്ധതിയായ സമ്പാദ്യ ആശ്വാസ പദ്ധതി പ്രകാരം മാസം 600/- രൂപ വീതം വിതരണം ചെയ്യുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ (50 : 50) പങ്കാളിത്തം മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്<br>ടി കാലയളവിൽ തൊഴിൽ രഹിതരാകുന്ന യന്ത്രവൽകൃത ബോട്ടുകളിലെ മത്സ്യത്തൊഴിലാളികൾക്കും ഹാർബറുകളിലെ അനുബന്ധ മത്സ്യത്തൊഴിലാളികൾക്കും പീലിംഗ് തൊഴിലാളികൾക്കും സൗജന്യ റേഷനും നല്കി വരുന്നു. |
| (ബി) മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ സ്ത്രീകൾക്കായി നിലവിലുള്ള പ്രത്യേക തൊഴിൽ പദ്ധതികൾ പിൻതുടരാൻ തയ്യാറാകുമോ; | മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ സ്ത്രീകൾക്കായി ചെറുകിടതൊഴിൽ സംരംഭങ്ങളുടെ വികസനം എന്ന പദ്ധതിയും തീരമൈത്രി എന്ന പദ്ധതിയും നടപ്പിലാക്കിവരുന്നുണ്ട്. |
| (സി) മത്സ്യത്തൊഴിലാളി (സ്ത്രീകൾക്കായി) എന്തെങ്കിലും പുതിയ തൊഴിൽ സംരംഭത്തിന് നടപടി സ്വീകരിക്കുമോ ? | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ